വിയോഗം

ജി യു പി സ്കൂളിന് സമീപത്തെ കാടകം ബാർക്കോളിലെ കമ്മട്ട കുഞ്ഞമ്പു നായരെ (87)യാണ് ഇന്നലെ വൈകിട്ട് പൊയിനാച്ചി തെക്കിൽ പറമ്പ ജി യു പി സ്കൂളിന് സമീപം പൊതുകുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. വർഷങ്ങളായി ഇയാൾ തെക്കിൽ പറമ്പിലെ വീട്ടിൽ തനിച്ചാണ് താമസം. ഇന്നലെ വൈകിട്ട് കുളത്തിൽ കുളിക്കാനെത്തിയവരാണ് കുഞ്ഞമ്പു നായരെ മരിച്ച നിലയിൽ കണ്ടത്. വിദ്യാനഗർ പോലീസ് ഇൻക്വസ്റ്റ് നടത്തിയ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ജനറൽ ആശുപത്രിയിലേക്ക് മാറ്റി. ഭാര്യ: വെള്ളച്ചി. മക്കൾ: സുശീല, ശ്രീധരൻ, ഓമന, അനിത. മരുമക്കൾ: ഗോപാലൻ, സുകുമാരി, ഗംഗാധരൻ, കൃഷ്ണൻ. സഹോദരങ്ങൾ: ശാരദ, ബാലകൃഷ്ണൻ നമ്പ്യാർ, ദാമോദരൻ നമ്പ്യാർ, മാധവൻ, കുമാരൻ, മോഹനൻ, സാവിത്രി, പരേതയായ നാരായണി.

വാഹനാപകടത്തിൽ ബൈക്ക് യാത്രികൻ മരിച്ചു



കൽപ്പറ്റ: ഓട്ടോറിക്ഷയിൽ ഇടിച്ചതിന്റെ ആഘാതത്തിൽ ബൈക്കിൽ നിന്നു തെറിച്ചു പോയ യാത്രക്കാരൻ ടിപ്പറിലിടിച്ചു മരിച്ചു. മീനങ്ങാടി പാറമുള്ളിൽ വീട്ടിൽ പരേതനായ നാരായണന്റെ മകൻ പി എൻ രാജൻ (42) ആണ് മരിച്ചത്. ഇന്നലെ രാവിലെ കൽപ്പറ്റ എസ് കെ എം ജെ സ്കൂളിനു സമീപത്ത് ദേശീയപാതയിലാണ് അപകടം. ഭാര്യ: ലിഷ. മക്കൾ: നീരജ്, നിളാ രേവതി. മാതാവ്: ദേവകി. സഹോദരങ്ങൾ: സുധാകരൻ, സജീവൻ,സുജാത.

ട്രെയിൻ തട്ടി മരിച്ച നിലയിൽ

വടകര: നാദാപുരം റോഡിൽ മധ്യവയസ്കനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. ചോറോട് പുഞ്ചിരി മില്ലിൽ കണാരൻകണ്ടിയിൽ മോഹനൻ (52) ആണ് മരിച്ചത്.

നന്ദന്റെ (വാറന്റ് ഓഫിസർ, ഐഎഎഫ്) ഭാര്യ പി സാവിത്രി (80) നിര്യാതയായി. മക്കൾ: ശ്രീഹരി (അബുദാബി), ജയഹരി (നന്ദനം ഫിനാൻസ്), നന്ദഹരി. മരുമക്കൾ: സിജി, ആശ

താമി

മുണ്ടക്കോട്: ചോലക്കൽ താമി (73) നിര്യാതനായി. ഭാര്യ: ജാനകി. മക്കൾ: സിന്ധു, ബിന്ദു, സൗമ്യ, മനുരാജ്. മരുമക്കൾ: രവി പൊന്മള, രമേഷ് കുട്ടിലങ്ങാടി

ശാന്തകുമാരി

തിരുവനന്തപുരം: മുടവൂർപാറ ചാത്തലംപാട്ടുകോണം കൈലാസത്തിൽ സി ഗോപാലകൃഷ്ണൻ നായരുടെ ഭാര്യ കെ ശാന്തകുമാരി (64) നിര്യാതയായി. മക്കൾ: ജി ശരത്, സഖിത്. മരുമക്കൾ: ഹേമലത, ആർടി. പ്രിയ.

ധനഞ്ജയൻ

ചേർത്തല: വയലാർ പഞ്ചായത്ത് ഏഴാം വാർഡ് തെക്കേ പരപ്പേൽ ധനഞ്ജയൻ (81) നിര്യാതനായി. ഭാര്യ: അമ്മിണി. മക്കൾ: ലളിത, ബൈജു, ബിജു, ടി ഡി ബാബു (കെ എസ് ഇ ബി ചേർത്തല വെസ്റ്റ്).

ടുംബാംഗം. മക്കൾ: വി ആദർശ് (ഹെൽത്ത് ഇൻസ്പെക്ടർ, പിഎച്ച്സി, അരുവിക്കര), കണ്ണൻ. മരുമകൾ: മിനി (ടീച്ചർ, ബിആർഎം എച്ച്എസ് ഇളവട്ടം)

നടരാജനാശാരി

ശ്രീകാര്യം: അലത്തറ പുത്തൻവിള ഷിബുവിലാസത്തിൽ കെ നടരാജനാശാരി (70) നിര്യാതനായി. ഭാര്യ: ആർ. ഓമനകുമാരി. മക്കൾ: ഷിബു, ഷിജു. മരണാനന്തര ചടങ്ങുകൾ: ഞായർ 830ന്.

കേശവനാശാരി

തിരുവനന്തപുരം: പുതുവീട്ടുമേലെ കേശവ മന്ദിരത്തിൽ ടൈറ്റാനിയം മെക്കാനിക്കൽ റിട്ട. സൂപ്പർവൈസർ കേശവനാശാരി (83) നിര്യാതനായി. ഭാര്യ: രാധാമണി. സഞ്ചയനം ചൊവ്വ എട്ടിന്.

കൃഷ്ണൻകുട്ടി നായർ

കരകുളം: നെല്ലിവിള ശോഭാഞ്ജലിയിൽ റിട്ട. ഹെഡ്മാസ്റ്റർ ആർ കൃഷ്ണൻകുട്ടി നായർ (64) നിര്യാതനായി. ഭാര്യ: ശോഭ. മക്കൾ: പ്രജീഷ്, അഖില. മരുമക്കൾ: ബിന്ദു, സുനിൽ.

മറിയം

വാണിമേൽ: പരേതനായ ബിമുള്ളതിൽ മായന്റെ ഭാര്യ മറിയം (75) നിര്യാതയായി. മക്കൾ: മുഹമ്മദ് (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ കോഴിക്കോട്), ലത്വീഫ്, കുഞ്ഞബ്ദുല്ല (അധ്യാപകൻ ടി ഐ എം ഹയർ സെക്കൻഡറി നാദാപുരം), സുബൈദ, റാബിഅ.

അലവി ഹാജി

ഇരുമ്പുഴി: ആലിക്കാപറമ്പ് ചാലിൽ കിഴക്കേതലാപ്പിൽ വലിയതൊടുവിൽ അലവി ഹാജി (61) നിര്യാതനായി. ഭാര്യ: ബിയ്യക്കുട്ടി. മക്കൾ: ഹഫ്സത്ത്, ഹസീന, ഷാഹിദ, മുനീറ, ആഇഷ, സക്കീന, നിയാസ്, നവാസ്, ഇഷാന. മരുമക്കൾ: ജലീൽ, ഇസ്ഹാഖ്, സിദ്ദീഖ്, ശിഹാബ്, ഹനീഫ.

വിശ്വനാഥ പണിക്കർ

കൊല്ലം: എസ് എൻ ട്രസ്റ്റ് ഡയരക്ടർ ബോർഡ് മെമ്പറും സാമൂഹ്യ- സാംസ്കാരിക രംഗങ്ങളിലെ സജീവ പ്രവർത്തകനുമായ പെരിനാട് മുരുന്തൽ വിശാഖത്തിൽ ജി വിശ്വനാഥപ്പണിക്കർ (77) നിര്യാതനായി. ഭാര്യ: സന്താനവല്ലി (റിട്ട. നഴ്സിംഗ് സൂപ്രണ്ട്). മക്കൾ: അഭിലാഷ് പണിക്കർ (എൽ ഐ സി ഫീൽഡ് ഓഫീസർ), ഉല്ലാസ് പണിക്കർ (ബെഹ്റിൻ). മരുമക്കൾ: ജൂലി, ഷഹ്നാ നാഥ്.

ചിരുതൈ

ശ്രീകണ്ഠപുരം: തിരൂർ ശ്രീനിലയത്തിലെ നിട്ടൂർ ചിരുതൈ (90) നിര്യാതയായി. ഭർത്താവ്: പരേതനായ നാരായണൻ. മക്കൾ: അച്യുതൻ, പ്രഭാകരൻ, നളിനി. മരുമക്കൾ: ഭാർഗവി, ലക്ഷ്മി, പരേതനായ രാമദാസൻ.

കായംകുളം: കൊറ്റുകുളങ്ങര നിലക്കൽ പരേതനായ മുഹമ്മദ് കുഞ്ഞിന്റെയും ഖദീജബീവിയുടെയും മകൻ നിസാർ (40) നിര്യാതനായി. ഖബറടക്കം ഇന്ന് രാവിലെ ഒമ്പത് മണിക്ക് ഷെഹിദാർ മസ്ജിദ് ഖബർസ്ഥാനിൽ. ഭാര്യ: നജി. മകൻ: സിനാൻ.

പ്രഭാവതി

കാട്ടായിക്കോണം: പിണറ്റിൻമുട്ടിൽ വീട്ടിൽ പരേതനായ ഭാസ്കരന്റെ ഭാര്യ ബി പ്രഭാവതി നിര്യാതയായി. മക്കൾ: ഭുവനചന്ദ്രൻ, പുഷ്പകുമാരി, ലൈല (അംഗൻവാടി ടീച്ചർ), ഗിരിജ (നഴ്സ്, മെഡിക്കൽ കോളജ് ആശുപത്രി), സുനിത (അധ്യാപിക, കാട്ടായിക്കോണം യുപിഎസ്), പരേതനായ ബാബു. മരുമക്കൾ: അനിത, കെ. ശിവദാസൻ (സിപിഐ മുൻ മണ്ഡലം സെക്രട്ടറി), അനിത (ഹെഡ് നഴ്സ്, ജനറൽ ആശുപത്രി), രാജു (റിട്ട. കെഎസ്ആർടിസി), അപ്പുക്കുട്ടൻ (കൊച്ചിൻ ഷിപ്പ്‌യാർഡ്), സുലോചനൻ.

ദേവകിയമ്മ

പാലോട്: ചെല്ലഞ്ചി ലളിതാ ഭവനിൽ പരേതനായ വേലായുധൻ പിള്ളയുടെ ഭാര്യ ദേവകിയമ്മ (82) നിര്യാതയായി. മക്കൾ: ലളിതമ്മ, ശാന്തമ്മ, ശ്യാമള, വത്സല, ഭുവനചന്ദ്രൻ നായർ, സുഗതകുമാരി. മരുമക്കൾ: പ്രഭാകരൻ നായർ, കരുണാകരൻ നായർ, വേണുഗോപാൽ, രാധാകൃഷ്ണൻ നായർ, ബിന്ദു, രാമചന്ദ്രൻ നായർ.

മുഹമ്മദ്കുഞ്ഞി ഹാജി

കാഞ്ഞങ്ങാട്: അതിഞ്ഞാലിലെ പി എം മുഹമ്മദ് കുഞ്ഞി ഹാജി (79) നിര്യാതനായി. ഭാര്യ: പരേതയായ കെ കെ പുരയിൽ ഹലീമ. മക്കൾ: ഇബ്റാഹിം (ഖത്തർ), ഫസലുർറഹ്മാൻ, നൗഷാദ്, ലൈല, നജുമ. മരുമക്കൾ: ഹക്കീം (ഖത്തർ), ഹസൻ, ജാസ്മിൻ, ഹഫീഫ, സക്കീന. സഹോദരങ്ങൾ: പി എം ഹസൻ ഹാജി, ഖദീജ, അന്തുമായി, ആഇശ, പരേതയായ ഫാത്വിമ.

ഡോ. പി മോഹനൻ

തൃശൂർ: നടുവിലാൽ ശ്രേയസ്സിൽ ഡോ.പി മോഹനൻ (82) നിര്യാതനായി. ഭാര്യ: റിട്ട. പാറമേക്കാവ് ദേവസ്വം കോളജ് പ്രിൻസിപ്പാൾ കിഴക്കേകാമത്ത് ഇന്ദിരാമോഹൻ. മക്കൾ: ആശാ മോഹൻ, അനിത മോഹൻ, ഡോ.അപർണ മോഹൻ. മരുമക്കൾ: വി എം ഗോവിന്ദൻകുട്ടി മേനോൻ (ദുബൈ), ആനന്ദ് ഗംഗാധരൻ (യു എസ്), ഡോ.രാജേഷ് തിരുവനന്തപുരം. സംസ്കാരം വെ ഇന്ന് ഉച്ചക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ.

കുഞ്ഞുഞ്ഞ്

കാഞ്ഞങ്ങാട്: മുത്തപ്പനാർ കാവിന് സമീപത്തെ കെ ജെ കുഞ്ഞുഞ്ഞ് (64) നിര്യാതനായി. ഭാര്യ: ത്രേസ്യാമ്മ. മക്കൾ: ജോമോൻ, സൗമ്യ. മരുമകൻ: ജോജോ പാണത്തൂർ. സഹോദരങ്ങൾ: പൈലി, മാത്യു, പരേതനായ ജോസ്, ജോർജ്, മേരി, ത്രേസ്യാമ്മ, ജെസി, ചിന്നമ്മ, സെലിൻ.

കമലാക്ഷിയമ്മ

വടകര: ഒഞ്ചിയം പാലോളിക്കണ്ടിയിൽ പരേതനായ നാരായണക്കുറുപ്പിന്റെ ഭാര്യ കമലാക്ഷിയമ്മ (77) നിര്യാതയായി. മക്കൾ: നിർമല (പോസ്റ്റ് മാസ്റ്റർ കോട്ടപ്പള്ളി), ശ്യാമള (പ്രധാനാധ്യാപിക പയ്യോളി സൗത്ത് എം എൽ പി സ്കൂൾ), ഉഷ (പ്രധാനാധ്യാപിക കൊളത്തൂർ എൽ പി സ്കൂൾ), സുജിത്ത് കുമാർ (അധ്യാപകൻ പയ്യോളി എച്ച് എസ് എസ്), സവിത (ഓർക്കാട്ടേരി വി എച്ച് എസ് എസ്), സുധീർ കുമാർ (നാദാപുരം പോലീസ് സ്റ്റേഷൻ). മരുമക്കൾ: ദിവാകരൻ (റിട്ട. എ എസ് ഐ പള്ളിക്കര), വെണ്ണിയാട്ട് ദാമോദരൻ, സുനന്ദ, വസന്തൻ, രഞ്ജിത, പരേതനായ എടത്തും പൊയിൽ ഭാസ്കരൻ നമ്പ്യാർ. സഹോദരങ്ങൾ: മീനാക്ഷിയമ്മ തുണേരി, പരേതനായ പുത്തലത്ത് ഭാസ്കരക്കുറുപ്പ്.

നൂർ ടിസി 25/543 വയരാനികത്തിയ പുത്തൻവീട്ടിൽ രവീന്ദ്രൻ നായർ (76) നിര്യാതനായി. ഭാര്യ: ഓമന. മക്കൾ: ആർ ജയകുമാർ, ബാബുകുമാർ. മരുമക്കൾ: എസ് സൗമ്യ, ചന്ദ്രലേഖ. സഞ്ചയനം വ്യാഴം എട്ടിന്.

ഗോവിന്ദ പണിക്കർ

നെയ്യാറ്റിൻകര: തൊഴുക്കൽ ആറ്ററികത്ത് വീട്ടിൽ കെഎസ്ആർടിസി റിട്ട. ജീവനക്കാരൻ ഗോവിന്ദ പണിക്കർ (89) നിര്യാതനായി. ഭാര്യ: ബി. ശിവകാമി. മക്കൾ: ശൈലജ, ബേബി ഗിരിജ (എസ് സിടിഇ കോളജ്, തിരുവനന്തപുരം), സിദ്ധാർഥൻ (കെഎസ്ആർടിസി ചീഫ് ഓഫിസ്, തിരുവനന്തപുരം), ജയചന്ദ്രൻ (ഐബി, തിരുവനന്തപുരം), ഗീത. മരുമക്കൾ: എസ് ഹരിദാസ്, പി സുനിത (സിഎ, സെക്രട്ടേറിയറ്റ്), എസ്. എൽ. മഞ്ജുഷ, എ ശിശുപാലൻ (ഡിഫൻസ്).

പത്മാവതിയമ്മ

ചേർത്തല: കടക്കരപ്പള്ളി പഞ്ചായത്ത് ആറാം വാർഡ് നെടുമ്പ്രാത്ത് മാളികയിൽ പരേതനായ ശ്രീധരക്കുറുപ്പിന്റെ ഭാര്യ പത്മാവതിയമ്മ (80) നിര്യാതയായി. മക്കൾ: രാജേന്ദ്ര കർത്ത, വിജയ ചന്ദ്രകർത്ത, ശ്രീദേവി, ഗീതാദേവി, ബാലകൃഷ്ണൻ കർത്ത, സരളാദേവി, ഗിരിജാദേവി (ദുബൈ). മരുമക്കൾ : ആശ, ബിന, ഗോപിനാഥക്കുറുപ്, മധുസൂദനൻ, ശ്രീലത, മുരളീധരൻ, ഗോകുൽപാൽ.

മരക്കാർ

ഇരിങ്ങാവൂർ: പുറയത്ത് പറമ്പിൽ മരക്കാർ (78) നിര്യാതനായി. ഭാര്യ: കുഞ്ഞാത്തുമ്മു കാഞ്ഞിരക്കോൽ. മക്കൾ: ഇസ്മാഈൽ, സിദ്ദീഖ്, നഫീസു ഹജ്ജുമ്മ, പാത്തുമോൾ ഹജ്ജുമ്മ, ഖദീജ. മരുമക്കൾ: സൈതലവി ഹാജി ഇരിങ്ങാവൂർ, കോയാമു എന്ന ബാവ, പരേതനായ കോയക്കുട്ടി മുത്തൂർ

പുരുഷോത്തമൻ

കിളിമാനൂർ: വെള്ളല്ലൂർ ജോഷി വിലാസത്തിൽ എം പുരുഷോത്തമൻ (65) നിര്യാതനായി. ഭാര്യ: രേണുക. മക്കൾ: ജോഷി, അരുൺ നിശാന്ത്.

സാബിറ

കൊടുവള്ളി: ചുണ്ടപ്പുറം കാരാട്ടുപൊയിൽ കിഴക്കയിൽ പരേതനായ കെ കെ മുഹമ്മദിന്റെ മകൾ സാബിറ (40) നിര്യാതയായി. ഭർത്താവ്: ഉമ്മർ കച്ചേരിമുക്ക്. മാതാവ്: ഖദീജ. മക്കൾ: റിൻഷ, റിൻഷാൻ. മരുമകൻ: ആഷിഖ് ഏകരൂൽ. സഹോദരങ്ങൾ: റഹിം, അഹമ്മദ്കുട്ടി വടുവൻ ചാലിൽ, അശ്റഫ്, സുബൈദ, മൈമൂന, നുസൈബ.

പ്രാദേശികം

‘ഗവ’ അന്താരാഷ്ട്ര ഡോക്യുമെന്ററി മേളയിൽ 11ന് പ്രദർശിപ്പിക്കും

തിരുവനന്തപുരം: ഭീകരാക്രമണങ്ങൾ മനുഷ്യനിൽ സൃഷ്ടിക്കുന്ന ആഘാതങ്ങളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന ഗൗരി ചദ്ദയുടെ ഡോക്യുമെന്ററി ‘ഗവ’ 11ന് അന്താരാഷ്ട്ര ഡോക്യുമെന്ററി മേളയിൽ പ്രദർശിപ്പിക്കും. മുംബൈ ഭീകരാക്രമണത്തിലും തുടർന്നുള്ള സ്ഫോടന പരമ്പരകളിലും ഇരകളാക്കപ്പെട്ട് ജീവിതം തള്ളിനീക്കുന്നവരുടെ മനസുകളിലെ വേദനയുമാണ് ചിത്രം ആവിഷ്കരിക്കുന്നതെന്ന് സംവിധായിക ഗൗരി ചദ്ദ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പലായനങ്ങൾക്കും കൂട്ടനിലവിളികൾക്കുമിടയിൽ ഒറ്റപ്പെട്ടുപ്പോവുന്ന മനുഷ്യന്റെയുള്ളിലും അടുത്ത സ്ഫോടനത്തിനായുള്ള ബോംബ് ഒരുങ്ങുകയാണോ എന്ന സന്ദേഹവും ഡോക്യുമെന്ററി ഉയർത്തുന്നു. അക്രമങ്ങൾക്ക് ഇരയാവുന്നവരുടെ മനസ്സുകളിലെ ചില ചോദ്യങ്ങൾ ഡോക്യുമെന്ററി ഉയർത്തുന്നു.സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച അതേ സ്ഥലങ്ങളിൽ സോണി ഇഎക്സ് ത്രീ കാനൺ ഫൈവ് ഡി മാർക്ക് ടു ക്യാമറകൾ ഉപയോഗിച്ച് പത്ത് ദിവസം കൊണ്ടാണ് ചിത്രീകരണം നടത്തിയത്. ലോസ് ഏഞ്ചൽസിലെ ബെവർലി ഹിൽസ് ഫിലിം ഫെസ്റ്റിവൽ, അരിസോണ ഫിലിം ഫെസ്റ്റിവൽ, ഭോപാൽ ഫിലിം ഫെസ്റ്റിവൽ എന്നിവയിൽ ചിത്രം പുരസ്കാരം നേടിയിരുന്നു. ന്യൂ ഡൽഹിയിൽ ജനിച്ച ഗൗരി ഇപ്പോൾ ദുബായ്, മുംബൈ എന്നിവിടങ്ങളിലാണ് പ്രവർത്തനം. മിഷൻ ഇമ്പോസിബിൾ, ഗോസ്റ്റ് പ്രോട്ടോക്കോൾ, ഡേവിഡ്, ലൗവ് ബ്രേക്ക് അപ് സിന്ദഗി, ഗാന്ധി ഓഫ് ദ മന്ത് തുടങ്ങിയ ചിത്രങ്ങളുടെ സഹസംവിധായികയായിരുന്നു.

ഡോ. കെ ഓമനക്കുട്ടിയുടെ സപ്തതി ആഘോഷം നാളെ

തിരുവനന്തപുരം: പ്രശസ്ത സംഗീതജ്ഞ ഡോ. കെ ഓമനക്കുട്ടിയുടെ സപ്തതി ആഘോഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പങ്കജ കസ്തൂരിയുടേയും സംയുക്താഭിമുഖ്യത്തിൽ നാളെ വൈകിട്ട് അഞ്ചു മണിക്ക് യൂനിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടക്കും. ഓമനത്തിങ്കൾ എന്നു പേരു നൽകിയിരിക്കുന്ന ആഘോഷ പരിപാടികൾ സ്പീക്കർ ജി കാർത്തികേയൻ ഉദ്ഘാടനം ചെയ്യുമെന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എം ആർ തമ്പാൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചടങ്ങിൽ ഡോ. ഓമനക്കുട്ടി രചിച്ച സംഗീതവും ജീവിതവും എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം മേയർ അഡ്വ. കെ ചന്ദ്രിക നിർവഹിക്കും. ഗായിക കെ എസ് ചിത്ര പുസ്തകം സ്വീകരിക്കും. തുടർന്ന് ഡോ. ഓമനക്കുട്ടിയുടെ ശിഷ്യരായ സംഗീത ഭാരതി വിദ്യാർഥികൾ അവതരിപ്പിക്കുന്ന നൃത്തശില്പവും പ്രശസ്ത ഗായകരായ കെ എസ് ചിത്ര, ബി അരുന്ധതി, രഞ്ജിനി വർമ്മ, ഹരിശങ്കർ നയിക്കുന്ന സംഗീത സദ്യയും അരങ്ങേറും. എം ആർ തമ്പാൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മുൻ മന്ത്രി എം എ ബേബി, , ഡോ. ജെ ഹരീന്ദ്രൻ നായർ, പാറശ്ശാല പി പൊന്നമ്മാൾ, പ്രൊഫ. കുമാരവർമ്മ, വൈക്കം വേണുഗോപാൽ പങ്കെടുക്കും. വാർത്താ സമ്മേളനത്തിൽ ഡോ. ജെ ഹരീന്ദ്രൻ നായർ, പിന്നണി ഗായിക അരുന്ധതി, ശ്രീലേഖ പങ്കെടുത്തു.

ജ്യോതിഷ വാസ്തു ശാസ്ത്ര സെമിനാർ

തിരുവനന്തപുരം: വാസ്തു വിഷനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ട്രഡീഷണൽ സയൻസും(ഐ ഐ ടി എസ്) സംയുക്തമായി സംഘടിപ്പിക്കുന്ന ജ്യോതിഷ വാസ്തു ശാസ്ത്ര സെമിനാർ ഇന്ന് മാഞ്ഞാലിക്കുളം രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിൽ നടക്കും. രാവിലെ 10. 30ന് തഞ്ചാവൂർ പ്രീസ്റ്റ് യൂനിവേഴ്സിറ്റിയിലെ സെന്റർ ഫോർ റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ഡയറക്ടർ ഡോ. വി മണിവണ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ വാസ്തു വിഷൻ സോഫ്റ്റ്‌വേർ പുതിയ പതിപ്പിന്റെ പ്രകാശനം സി പി ഐ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ നിർവഹിക്കുമെന്ന് തഞ്ചാവൂർ പ്രീസ്റ്റ് യൂനിവേഴ്സിറ്റി ആസ്ട്രോ വേദിക് സ്റ്റഡീസ് വിഭാഗത്തിന്റെ മേധാവി ഡോ. പാദൂർ സുബ്രഹ്മണ്യശാസ്ത്രികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

സുവിസിരി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് നേതൃത്വത്തിൽ നടക്കുന്ന സെമിനാറിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജ്യോതിഷ-വാസ്തു ഗവേഷണ വിദ്യാർഥികളും പണ്ഡിതരും പ്രബന്ധങ്ങൾ അവതരിപ്പിക്കും. വാസ്തു വിഷന്റെ വെബ്സൈറ്റ് ലോഞ്ചിംഗും നടക്കും. സർക്കാർ നിയമങ്ങൾക്കനുസൃതമായ വീടിന്റെ പ്ലാൻ, എസ്റ്റിമേഷൻ, വീടിന്റെ ജാതകം, വാസ്തു മുഹൂർത്തം തുടങ്ങി വാസ്തുവുമായി ബന്ധപ്പെട്ട മറ്റെല്ലാ വിവരങ്ങളും അടങ്ങിയതാണ് വാസ്തു വിഷൻ സോഫ്റ്റ്‌വേർ. സെമിനാറിൽ പങ്കെടുത്ത് പേർ രജിസ്റ്റർ ചെയ്യുന്നവർക്കായി ഒരു മാസത്തെ വാസ്തു ക്ലാസ് സൗജന്യമായി നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞു. വാർത്താ സമ്മേളനത്തിൽ സുവിസിരി സൊല്യൂഷൻസ് മാനേജിംഗ് ഡയറക്ടർ എസ് പ്രജീഷ്, ജനറൽ മാനേജർ ശങ്കരൻകുട്ടി പങ്കെടുത്തു.